**പതിനാലാം കേരള നിയമസഭ**

**പതിനേഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം. 1235 **05/03/2020 ൽ മറുപടിക്ക്**

**വട്ടിയൂർക്കാവ് നിയമസഭാ മണ്ഡലത്തിലെ റീസർവ്വേ നടപടികൾ**

**ചോദ്യം**

**ശ്രീ.വി.കെ.പ്രശാന്ത്**

**മറുപടി**

**ശ്രീ.ഇ.ചന്ദ്രശേഖരൻ**

**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | വട്ടിയൂർക്കാവ് നിയമസഭാ മണ്ഡലത്തിലെ ഏതൊക്കെ വില്ലേജുകളിൽ റീസർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (എ) | വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിൽ ആകെയുള്ള ഏഴ് വില്ലേജുകളിലും റീസർവെ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിൽ കുടപ്പനകുന്ന്, പേരൂർക്കട, കവടിയാർ, ശാസ്തമംഗലം, വഞ്ചിയൂർ, പട്ടം എന്നീ 6 വില്ലേജുകളിലെയും റീസർവെ റിക്കാർഡുകൾ പൂർണ്ണമായും, വട്ടിയൂർക്കാവ് വില്ലേജിലെ ടൗൺ ഭാഗം ഉൾപ്പെട്ടുവരുന്ന 1 മുതൽ 80 വരെയുള്ള ബ്ലോക്കുകളുടെ റിക്കാർഡുകളും പൂർണ്ണമായും റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. |
| (ബി) | വട്ടിയൂർക്കാവ് വില്ലേജിലെ റീസർവ്വേ നടപടികൾ പൂർത്തിയാക്കി രേഖകൾ വില്ലേജ് ഓഫീസിൽ ലഭ്യമാക്കുന്നതിനുള്ള തടസങ്ങൾ എന്തെന്ന് വ്യക്തമാക്കാമോ; | (ബി) & (സി) | വട്ടിയൂർക്കാവ് വില്ലേജിലെ റീസർവെ നടപടികൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറുവാൻ തടസ്സങ്ങൾ ഒന്നും നിലവിലില്ല. വട്ടിയൂർക്കാവ് വില്ലേജിലെ ടൗൺ ഭാഗം ഉൾപ്പെട്ടുവരുന്ന 1 മുതൽ 80 വരെയുള്ള ബ്ലോക്കുകളുടെ രേഖകൾ തയ്യാറാക്കി റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. പഞ്ചായത്ത് ഏര്യയിലെ 1 മുതൽ 272 വരെയുള്ള സർവ്വെ നമ്പരുകളുടെ റീസർവ്വെ നടപടികൾ എൽ.ആർ.എം. ക്യാമ്പ്, കവടിയാർ മുഖേന പൂർത്തിയാക്കിയിട്ടുണ്ട്. 31.03.2020 ന് മുൻപായി റീസർവ്വെ റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത വില്ലേജിലെ റീസർവ്വേ നടപടികൾ പൂർത്തീകരിച്ച് രേഖകൾ എന്ന് വട്ടിയൂർക്കാവ് വില്ലേജ് ഓഫീസിൽ ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ